(സി) അറവുശാലകളുടെ പ്രവർത്തനത്തെയും ഗുണനിലവാരത്തെയും പറ്റി പരിശോധിക്കുന്നതിന് ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ഡി) 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കുറിപ്പിന്റെ അടിസ്ഥാനത്തിലുള്ള അർബൻ അഫയേഴ്സ് ഡയറക്ടറുടെ 7-5-2004-ലെ എച്ച്/417/04 നമ്പർ സർക്കുലർ എന്നിവയിലെ വ്യവസ്ഥകളാണ് അറവുശാലകളുടെ പ്രവർത്തനത്തിന് നിഷ്കർഷിച്ചിട്ടുള്ളത്.

ഇൻഫർമേഷൻ കേരള മിഷൻ പ്രോജക്ട്

116 [2608] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ പ്രോജക്ടിനായി സംസ്ഥാന സർക്കാർ ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) ഓരോ വർഷവും ചെലവഴിച്ചതിന്റെ കണക്ക് നൽകുമോ;

(സി) വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ഇതുവരെ ഇൻഫർമേഷൻ കേരള മിഷന് എത്ര തുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10.86 കോടി രൂപ ചെലവഴിച്ചു. (2004 മാർച്ച് 31 വരെ)

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) 1525.88 ലക്ഷം രൂപ (സംസ്ഥാന പദ്ധതി വിഹിതവും കേന്ദ്ര സഹായവും ഉൾപ്പടെ).

കേരള വികസന പദ്ധതി കുറ്റമറ്റതാക്കാൻ നടപടി

117 [2609] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 സാമ്പത്തിക വർഷത്തെ കേരള വികസന പദ്ധതി നടപ്പാക്കുന്നതിൽ സംഭവിച്ച അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വീഴ്ചക്ക് കാരണമായ ഘടകങ്ങൾ എന്തെന്നും അവ പരിഹരിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly